**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4065** **03-03-2023 - ൽ മറുപടിയ്ക്ക്**

**ഇരിമ്പിളിയം അംഗനവാടിയ്ക്ക് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ നിയോജക മണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ മുപ്പത്തിയാറാം നമ്പർ അംഗനവാടിയ്ക്ക് കെട്ടിടം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ വനിത ശിശു വികസന ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ടോ; പ്രസ്തുത അംഗനവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമുള്ള തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | (എ) ഉണ്ട്. പ്രസ്തുത അങ്കണവാടിയ്ക്ക് വകുപ്പ് വിഹിതമായി 15 ലക്ഷം രൂപയും ഗ്രാമ പഞ്ചായത്ത് വിഹിതമായി 6,37,256/- രൂപയും ചേർത്ത് ആകെ 21,37,256/- രൂപാ വിനിയോഗിച്ച് സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി 17.02.2023 ൽ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്തതും എന്നാൽ സ്ഥലമുള്ളതുമായ അംഗനവാടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | (ബി) പ്രസ്തുത മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്തതും, എന്നാൽ സ്ഥലമുള്ളതുമായ അങ്കണവാടികളുടെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (സി) | സ്മാർട്ട് അംഗനവാടി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനായി പ്രസ്തുത മണ്ഡലത്തിൽ നിന്നും പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | (സി) സ്മാർട്ട് അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനായി കോട്ടക്കൽ മുനിസിപ്പാലിറ്റിയിൽ നിന്നും 11, 28, 31, 33 എന്നീ അങ്കണവാടികൾക്കുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. |
| (ഡി) | എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | (ഡി) സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി നടപ്പ് സാമ്പത്തിക വർഷം ബജറ്റ് വിഹിതം അപര്യാപ്തമാകയാൽ അടുത്ത സാമ്പത്തിക വർഷം പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -1**

| ക്രമ നം | ഐസിഡിഎസ് പ്രോജക്റ്റ് | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | അങ്കണവാടി സെന്റർ നം |
|---|---|---|---|
| 1 | മലപ്പുറം റൂറൽ | കോട്ടക്കൽ മുനിസിപ്പാലിറ്റി | 11, 28, 31, 33 |
| 2 | കുറ്റിപ്പുറം | വളാഞ്ചേരി മുനിസിപ്പാലിറ്റി | 28, 31, 32 |
| 3 | കുറ്റിപ്പുറം | ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് | 36, 48 |
| 4 | കുറ്റിപ്പുറം അഡീഷണൽ | മാറാക്കര ഗ്രാമപഞ്ചായത്ത് | 37, 53, 55, 57 |
| 5 | കുറ്റിപ്പുറം അഡീഷണൽ | എടയൂർ ഗ്രാമപഞ്ചായത്ത് | 15, 17, 21 |

Seena

സെക്ഷൻ ഓഫീസർ